വാർഷിക പദ്ധതി

183 (157) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ വാർഷിക പദ്ധതികളിൽ വകപ്പുകൾ തിരിച്ച് വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷങ്ങളിൽ വകപ്പ് തിരിച്ച് പിൻവലിക്കപ്പെട്ട തുകയും സംബന്ധിച്ച സ്ഥിതി വിവരകണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഓരോ വർഷവും പദ്ധതി തുക ഇനത്തിൽ വകപ്പ് അടിസ്ഥാനത്തിൽ വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം തുക യഥാർത്ഥത്തിൽ ഖജനാവിൽ നിന്നും പിൻവലിക്കുകയുണ്ടായിട്ടുണ്ട്?

ഉത്തരം

(എ) കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ വകപ്പ് തിരിച്ച് വകയിരുത്തപ്പെട്ട തുകയുടെ വിവരങ്ങൾ അനുബന്ധമായി കൊടുക്കുന്നു*. പിൻവലിക്കപ്പെട്ട തുക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

സ്കൂളുകൾക്ക് കമ്പ്യൂട്ടറും പ്രിന്ററും

184 (159) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ 83 സ്കൂളുകൾക്ക് കംപ്യൂട്ടറും പ്രിന്ററും നൽകുന്നതിന് ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എം.എൽ.എ.-യുടെ കത്ത് ലഭ്യമായിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് ധനകാര്യവകുപ്പിന്റെ ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി അടിയന്തിരമായി ലഭ്യമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ-സി) ഉണ്ട്. പ്രസ്തുത ശിപാർശ e-file no. 133318 ധനകാര്യ വകുപ്പിൽ പരിശോധിച്ചുവരുന്നു. പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള ആസ്തികളുടെ സൃഷ്ടിയാണ് ആസ്തി വികസന പദ്ധതിയിൻകീഴിൽ ലക്ഷ്യമിട്ടിരിക്കുന്നത്. എന്നതിനാൽ പ്രസ്തുത ശിപാർശയിൽ ഉൾപ്പെട്ട എയ്ഡഡ് സ്കൂളുകളെ ഒഴിവാക്കി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് സ്കൂളുകൾക്ക് മാത്രമായുള്ള ശിപാർശ സമർപ്പിക്കുവാൻ പൊതു വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത ശിപാർശയ്ക്ക് പ്രത്യേകാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സമർപ്പിച്ച കത്ത് പരിശോധിച്ച് വരികയാണ്.

സർക്കാരിന്റെ കാലാവധിക്കകം പൂർത്തീകരിക്കാൻ സാധിക്കുന്ന പദ്ധതികൾ

185 (160) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടങ്ങിവച്ച പദ്ധതികൾ എല്ലാം പൂർത്തീകരിക്കുന്നതിന് ചെലവിനത്തിൽ എത്ര തുക ഇനിയും ആവശ്യമായിട്ടുണ്ട്;

(ബി) ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതും അതിന് മുമ്പ് തുടർന്ന് വരുന്നതുമായ എത്ര പദ്ധതികൾ പൂർത്തീകരിക്കാൻ ബാക്കി നില്പുണ്ട്; ഇവയെല്ലാം ഈ സർക്കാരിന്റെ അവശേഷിക്കുന്ന കാലയളവിനുള്ളിൽ തീർപ്പാക്കാൻ സാധ്യമാണോ; അതിനാവശ്യമായ തുക തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ടിട്ടുണ്ടോ;

(സി) വകയിരുത്തപ്പെട്ട തുക കൊണ്ട് പൂർത്തീകരിക്കാതെ അവശേഷിക്കുന്ന എത്ര ശതമാനം പദ്ധതികൾ ഈ സർക്കാരിന്റെ കാലാവധിക്കകം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ബഡ്ജറ്റുകളിലൂടെ വന്യജീവി സംരക്ഷണം നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ച തുക

186 (161) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും വന്യജീവി സംരക്ഷണം നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതൊക്കെയാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി വന്യജീവി സംരക്ഷണത്തിനായി വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ

LIBRARY ARCHIVES Kerala Legislative Assembly